# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – * 166 14.08.2017- ൽ മറുപടിയ്ക്ക്

## പ്രവാസികൾക്കായി പുനരധിവാസ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. സി. ജോസഫ്<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. അൻവർ സാദത്ത് | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) പ്രവാസികൾക്കായി പുനരധിവാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നല്കാമോ ; | എ) തൊഴിൽ രഹിതരാകുന്ന പ്രവാസികളുടെ പുനരധിവാസത്തിനായി നോർക്ക വകുപ്പ് നടപ്പിലാക്കിയിരിക്കുന്ന പദ്ധതിയാണ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM). തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുന്ന പദ്ധതിയാണ് ഇത്. ചുരുങ്ങിയത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്തതിന് ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന പദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാലു വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി. |

(മറുപുറം)

NDPREM പദ്ധതിയുടെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നല്കുകയും മൂലധന സബ്സിഡി നല്കുകയും ചെയ്യുക.

2. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നല്കുക.

3. തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക.

| | | | |
|---|---|---|---|
| ബി) | എത്ര വർഷം പ്രവാസ ജീവിതം പൂർത്തിയായവർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത് ; | ബി) | കുറഞ്ഞത് 2 വർഷം പ്രവാസ ജീവിതം പൂർത്തിയായവർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത്. |
| സി) | ഈ പദ്ധതിക്കായി എന്ത് തുക നീക്കി വച്ചിട്ടുണ്ടെന്നും മുൻ സർക്കാരിന്റെ കാലത്ത് ഈ പദ്ധതി പ്രകാരം എത്രപേർക്ക് ആനുകൂല്യം ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദമാക്കുമോ ? | സി) | ഈ പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ 16.35 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ പദ്ധതിയിൻ കീഴിൽ 31.03.2016 വരെ 1104 പേർക്കാണ് ആനുകൂല്യം നല്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ